| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| ഏഴാം സമ്മേളനം | | | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3499 | | 18.02.2013-ൽ മറുപടിക്ക് | |
| ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ (സി.ഡബ്ല്യൂ.സി) നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ ഓരോ കമ്മിറ്റിയിലും എത്ര അംഗങ്ങൾ വീതമാണ് ഉണ്ടായിരിക്കേണ്ടതെന്നും അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ നിലവിലുണ്ട്. ഓരോ കമ്മിറ്റിയും അഞ്ച് അംഗങ്ങൾ വീതമാണ് ഉണ്ടായിരിക്കേണ്ടത്. |
| (ബി) | കാസർഗോഡ് ജില്ലയിൽ സി.ഡബ്ല്യൂ.സി.യിൽ എത്ര അംഗങ്ങളാണ് ഉള്ളതെന്ന് അറിയിക്കുമോ; | (ബി) | അഞ്ച് അംഗങ്ങൾ. |
| (സി) | സി.ഡബ്ല്യൂ.സി.യിലെ അംഗങ്ങൾക്ക് ഓണറേറിയം എത്രയാണെന്ന് അറിയിക്കാമോ; | (സി) | ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ അംഗങ്ങൾക്ക് സിറ്റിംഗ് ഫീസായി മുന്നൂറ് രൂപയും അർഹമായ റ്റി.എ.യും നൽകുന്നുണ്ട്. |
| (ഡി) | ഓണറേറിയം കുടിശ്ശിക എത്രയുണ്ടെന്നും കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ഡി) | 2012 ഡിസംബർ വരെ ലഭ്യമായ ഓണറേറിയം കുടിശ്ശിക ബില്ലുകൾ തീർപ്പാക്കി കഴിഞ്ഞു. ബാക്കിയുള്ളവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (ഇ) | സി.ഡബ്ല്യൂ.സി.കളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്നും എങ്കിൽ ഇതിന്റെ പ്രവർത്തനം തൃപ്തികരമാണോ എന്നും അറിയിക്കാമോ; | (ഇ) & (എഫ്) ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടില്ല. എന്നാൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ അംഗമാകാൻ വേണ്ടി വീണ്ടും അപേക്ഷ സമർപ്പിച്ചവരുടെ പ്രവർത്തനങ്ങൾ സെലക്ഷൻ കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ആവശ്യമെങ്കിൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | പ്രവർത്തനം വിലയിരുത്തിയിട്ടില്ലെങ്കിൽ ആയത് വിലയിരുത്താനും തൃപ്തികരമല്ലെങ്കിൽ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കുമോ? | |

Jayasree

സെക്ഷൻ ഓഫീസർ